ആദിവാസി സംരക്ഷണ സമിതി ഉന്നതാധികാര സമിതിക്ക് സമർപ്പിച്ച നിവേദനത്തിലെ പ്രസക്ത ഭാഗങ്ങൾ

# പ്ലാച്ചിമട നഷ്ടപരിഹാരം യാഥാർത്ഥ്യമാകണമെങ്കിൽ

പ്ലാച്ചിമട ഐക്യദാർഢ്യ സമിതിയും ആദിവാസി സംരക്ഷണസംഘവും സർക്കാരിനും ഉന്നതാധികാരകമ്മിറ്റിക്കും സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതുപോലെ 1986ലെ പരിസ്ഥിതി സംരക്ഷണനിയമപ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനും ക്രിമിനൽകുറ്റത്തിന് നിയമനടപടി സ്വീകരിക്കുന്നതിനുമായി സ്റ്റാറ്റ്യൂട്ടറി അധികാരമുള്ളതോ നിയമപിൻബലമുള്ളതോ ആയ ഒരു അതോറിറ്റിയെയോ നിയമസ്ഥാപനത്തെയോ രൂപീകരിക്കുന്നതിന് എന്തുകൊണ്ട് സർക്കാർ വിമുഖത കാണിക്കുന്നു?

**5ലെ ദേശീയ പരിസ്ഥിതി ട്രിബ്യൂണൽ ആക്ടിൽ എന്തിലെല്ലാം നഷ്ടപരിഹാരമാവശ്യമെന്ന് വ്യക്തമാക്കിയിട്ടുണ്ട്?**

കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവന്ന പൊതുജനങ്ങൾക്ക് താഴെപറയുന്ന കാര്യങ്ങൾക്ക് നഷ്ടപരിഹാരമാവശ്യപ്പെടാവുന്നതാണ്. (1) മരണം (2) സ്ഥിരമോ, താൽക്കാലികമോ പൂർണമോ ഭാഗീകമോ ആയ അംഗവൈകല്യം ശാരീരിക അവശതകൾ (3). രോഗങ്ങൾ, സ്ഥിരമോ, പൂർണമോ ഭാഗീകമോ ആയ വൈകല്യങ്ങൾ കാരണമായുള്ള തൊഴിൽ വരുമാനനഷ്ടം (4). രോഗങ്ങൾക്കും ശാരീരിക അവശതകൾക്കുള്ള ചികിത്സാചിലവ് (5). സ്വകാര്യ സ്വത്തുകൾക്കുള്ള കെടുതികളും നഷ്ടങ്ങളും (6). പാലിനും ഭക്ഷ്യാവശ്യത്തിനും വേണ്ടി വളർത്തുന്നവയടക്കമുള്ള മൃഗസമ്പത്തിനും ജീവജാലങ്ങൾക്കും സസ്യസമ്പത്തുക്കൾക്കുമുണ്ടായ കെടുതി, കേട്, നാശം (7). മണ്ണ്,വായു, ഭൂമി, ജലം, തുടങ്ങി ആവാസവ്യവസ്ഥ എന്നിവയിലുണ്ടാകുന്ന മലിനീകരണമുൾപ്പെടെ കേട്, കെടുതി, നാശം, നഷ്ടം. (8). സ്വകാരസ്വത്തിനുപുറമെ, ഏത് തരം സ്വത്തിന്റെയും ശോഷണവും നഷ്ടവും.(9). തൊഴിലിനും മറ്റ് ബിസിനസുകളിലുള്ള നഷ്ടം (10). വിഷജന്യ മലിനീകരണപദാർത്ഥങ്ങളുടെ കൈകാര്യം ചെയ്യലിൽ നിന്നുൽഭവിക്കുന്നതോ അതുമായി ബന്ധപ്പെട്ടതോ ആയ മറ്റേത് നഷ്ടപരിഹാര ക്ലെയിമും.

**നഷ്ടപരിഹാരം ആർക്കെല്ലാം ആവശ്യപ്പെടാം?**

ഗവൺമെന്റിനോ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കോ, പഞ്ചായത്തുകൾക്കോ, തദ്ദേശ അധികാര സ്ഥാപനങ്ങൾക്കോ, - വ്യക്തികൾക്കോ, താഴെപ്പറയുന്ന കാര്യങ്ങൾക്കും നഷ്ടപരിഹാരം ആവശ്യപ്പെടാവുന്നതാണ്.

1) കെടുതികൾക്ക് ദുരിതാശ്വാസവും സഹായവും പുനരധിവാസവും നൽക്കുന്നതിനു നേരിട്ട ചെലവുകൾ.

2). പരിസ്ഥിതി ശോഷണത്തിനു നൽകേണ്ടുന്ന നഷ്ടപരിഹാരവും പരിസ്ഥിതിയുടെ ഗുണമേന്മ പുനസ്ഥാപിക്കുന്നതിനടക്കം, പരിസ്ഥിതി കകർച്ചയോ , കോട്ടമോ നേരിടുന്നതിനു നിയമപരമോ ഭരണപരമോ ആയ നടപടികൾ കൈക്കൊള്ളുന്നതിനു നേരിട്ട ചെലവുകൾ.

3). ഏത്കെടുതിക്കും കാരണമായ പ്രവർത്തനങ്ങളിൽ നിന്നുൽഭവിച്ചതോ അതുമായി ബന്ധപ്പെട്ടതോ ആയ നഷ്ടവും.

**മുകളിൽ ചേർത്ത കാര്യങ്ങൾക്കുപുറമേ താഴെപറയുന്ന കാര്യങ്ങൾക്കും കൂടി നഷ്ടപരിഹാരം ആവശ്യപ്പെടാവുന്നതാണ്.**

1) ഫാക്ടറി പരിസരങ്ങൾക്കകത്തും പുറത്തും ശുദ്ധീകരിക്കാത്ത മറ്റ് വസ്തുക്കൾ എന്നീ രൂപങ്ങളിൽ മാലിന്യം നിയമവിരുദ്ധമായി പുറത്തൊഴുകുന്നതിന്റെയും നിക്ഷേപിച്ചതിന്റെയും പരിണിതഫലമായി കാൻസർജന്യമായ വിഷപൂർണഘനലോഹങ്ങളായ കാഡ്മിയം, ലെഡ്,എന്നിവകലർന്ന ഭൂഗർഭജലം വിഷലിപ്തമാക്കുന്നതിന്റെ ഫലമായി മലിനീകരണഭീതിക്കും കാൻസറും മറ്റ് രോഗങ്ങളും ഉണ്ടാകുന്നതിനും, ഇതിന്റെയൊക്കെ ഫലമായി ഉണ്ടാകുന്ന വൈകാരിക-മാനസിക പിരിമുറക്കത്തിനും കാരണമായതിന്.

2). ദുരിതബാധിത പ്രദേശത്തെ ഭൂഗർഭജലത്തിലെ ഘനലോഹങ്ങളുടെ സാന്നിദ്ധ്യം ലോകരോഗ്യസംഘടന നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ പരിധികൾക്കകത്താണെന്നാണ് കണ്ടെത്തുന്നതുവരെയുള്ള മുഴുവൻ പരിഹാരപ്രവർത്തന ചെലവുകൾക്കുമുള്ള നഷ്ടപരിഹാരം.

3). അമിതജലപയോഗനഷ്ടത്തിനുള്ള പരിഹാരം, വസ്തുവകകൾ വീണ്ടും ഉപയോഗസജ്ജമാക്കലിനുള്ള ചെലവുകൾ.

**നഷ്ടപരിഹാരത്തിന് അവകാശമുത് ആർക്കെല്ലാം?**

വ്യക്തികൾ, കുടുംബങ്ങൾ , ഊരുകൾ, ഗ്രാമങ്ങൾ, പഞ്ചായത്തുകൾ, കുടുംബയോഗങ്ങൾ, ഗ്രാമസഭകൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ എന്നിവർക്ക് നഷ്ടപരിഹാരം ആവശ്യപ്പെടാവുന്നതാണ്.

## പ്ലാച്ചിമടയിൽ തെളിവെടുപ്പു നടന്നു

സർക്കാർ നിയോഗിച്ച ഉന്നതാധികര സമിതി ഒക്ടോബർ 9ന് പ്ലാച്ചിമടയിൽ തെളിവെടുപ്പിനായെത്തി. തെളിവെടുപ്പിൽ പ്രദേശിക ജനതയുടെ ഭാഗത്ത് നിന്നും കൊക്കക്കോള കമ്പിനിക്കെതിരെയുള്ള പരാതികളുടെ ഒരു കുത്തൊഴുക്കുതന്നെയുണ്ടായി. അറന്നൂറിലധികം നിവേദനങ്ങൾ പൊതുജനത്തിന്റെ ഭാഗത്ത് നിന്നും സമിതിക്ക് ലഭിച്ചു. കുടിവെള്ളമൂറ്റലും മലിനീകരണവും അത് മൂലമുണ്ടായ ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളുമൊക്ക പരാതികളിൽ നേരിട്ടനുഭവിച്ചവർ വിശദീകരിച്ചിട്ടുണ്ട്. കൊക്കക്കോള ഉണ്ടാക്കിയ നഷ്ടങ്ങളുടെ ഭൂമിശാസ്ത്രപരാമായ വ്യാപ്തി അറിയുന്നതിനായി രണ്ടാഴ്ചയ്ക്കുള്ളിൽ പ്ലാച്ചിമടയിൽ സന്ദർശനം നടത്തുമെന്നും ജനങ്ങളെ നേരിൽ കാണുമെന്നും ഉന്നതാധികാര സമിതി അറിയിച്ചു. ഡിസംബർ 31ന് മുമ്പായി സമിതിയുടെ നിർദ്ദേശങ്ങകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്നും കെ.ജയകുമാർ ഐ.എ.എസ്. വ്യക്തമാക്കി.